**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **T 2817** | **27.01.2014** ൽ മറുപടിയ്ക്ക്

**പ്രൊഫഷണൽ കോഴ്സുകളിൽ സംവരണാനുകൂല്യത്തിനുള്ള വരുമാന പരിധി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. പി. ശ്രീരാമകൃഷ്ണൻ** | | **ശ്രീ. എ.പി. അനിൽകുമാർ (പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | പ്രൊഫഷണൽ കോഴ്സുകളിൽ പിന്നോക്ക വിഭാഗക്കാരായ കുട്ടികൾക്ക് സംവരണാനുകൂല്യത്തിനായുള്ള വരുമാന പരിധി ആറ് ലക്ഷമാക്കി ഉയർത്തുന്നതിന് മന്ത്രിസഭാ തീരുമാനമെടുത്തിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ആയതിന്റെ ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ ; | (ബി) | 2014-15 അദ്ധ്യയന വർഷത്തെ മെഡിക്കൽ/ എഞ്ചിനീയറിംഗ് തുടങ്ങിയ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേക്ക് പ്രവേശനത്തിനുള്ള വരുമാന പരിധി 6 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു കൊണ്ട് 09.01.2014-ലെ സ. ഉ (എം.എസ്) നം. 03/2014/പിസവിവ പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (സി) | ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ? | | അനുബന്ധമായി ചേർത്തിട്ടുണ്ട്. |

Vanja

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

പിന്നാക്ക സമുദായ വികസന വകുപ്പ് - 2014-15 അദ്ധ്യയന വർഷത്തെ മെഡിക്കൽ/എഞ്ചിനീയറിംഗ് തുടങ്ങിയ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേക്ക് പ്രവേശനത്തിനുള്ള SEBC സംവരണത്തിനുള്ള വരുമാനപരിധി 6 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പിന്നാക്ക സമുദായ വികസന (എ) വകുപ്പ്**

സ. ഉ ( എം. എസ്) നമ്പർ. 03/2014/പിസവിവ. തീയതി, തിരുവനന്തപുരം, 09/01/2014.

---

പരാമർശം:
(1) 27.05.2000 ലെ സ.ഉ(പി) നം .36/2000/പജപവവ
(2) 25/08/2007-ലെ സ.ഉ(പി) നം .46/2007/പജപവവ
(3) 19/12/2008-ലെ സ.ഉ(പി) നം .117/2008/പജപവവ
(4) 26/09/2009-ലെ സ.ഉ(പി) നം .81/2009/പജപവവ
(5) 27/05/2013-ലെ ഓഫീസ് മെമ്മോറാണ്ടം നം. 36033/1/2013/Estt (Res).
(6) 07/08/2013-ൽ ബഹു. ഹൈക്കോടതി WP(C) 29271/2012 നമ്പർ കേസിൽ പുറപ്പെടുവിച്ച വിധിന്യായം.
(7) 26/10/2013-ലെ സ.ഉ (എം. എസ്) നം. 12/2013/പിസവിവ
(8) IA No. 17088/2013, IA No. 17223/2013 in WP(C) 29271/12-ൽ 17.12.2013 ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവ്.
(9) കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ 19/12/2013-ലെ 650/C/2013/KSCBC നമ്പർ കത്തും ഇടക്കാല റിപ്പോർട്ടും.

**ഉത്തരവ്**

നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം കേരളത്തിലെ മറ്റ് പിന്നാക്ക വിഭാഗക്കാരുടെ ഉദ്യോഗ സംവരണത്തിനുള്ള ക്രീമിലെയർ വരുമാന പരിധി 3 ലക്ഷമായി നിശ്ചയിച്ചു കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ജസ്റ്റിസ് രാജേന്ദ്രബാബു കമ്മീഷൻ സമർപ്പിച്ച ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒ.ബി.സി വിഭാഗക്കാരുടെ ക്രീമിലെയർ വരുമാന പരിധി പരാമർശം (2)-ലെ സർക്കാർ ഉത്തരവ് പ്രകാരം 2.5 ലക്ഷമായി നിശ്ചയിക്കുകയുണ്ടായി. എന്നാൽ 14/10/2008-ൽ കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ച ഓഫീസ് മെമ്മോറാണ്ടത്തിന്റെ അടിസ്ഥാനത്തിൽ ക്രീമിലെയർ വരുമാന പരിധി 4.5 ലക്ഷമായി വർദ്ധിപ്പിക്കാൻ ജസ്റ്റിസ് രാജേന്ദ്രബാബു കമ്മീഷൻ ശുപാർശ ചെയ്തതിനാൽ ക്രീമിലെയർ വരുമാന പരിധി 4.5 ലക്ഷമായി നിശ്ചയിച്ചു കൊണ്ട് പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പരാമർശം (4) പ്രകാരം ജസ്റ്റിസ് രാജേന്ദ്രബാബു കമ്മീഷൻ സമർപ്പിച്ച അന്തിമ റിപ്പോർട്ട് നടപ്പിൽ വരുത്തി ഉത്തരവായി.

പരാമർശം (5) ലെ ഓഫീസ് മെമ്മോറാണ്ടം പ്രകാരം കേന്ദ്ര ഗവൺമെന്റ് മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ (ഒ. ബി.സി) ക്രീമിലെയർ വരുമാന പരിധി 4.5 ലക്ഷം രൂപയിൽ നിന്നും 6 ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയുണ്ടായി.

പരാമർശം (6)-ലെ ബഹു ഹൈക്കോടതിയുടെ വിധിന്യായപ്രകാരം, ബഹു. സുപ്രീംകോടതിയുടെ ഇന്ദിരാ സാഹ്നി കേസിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പിന്നാക്ക വിഭാഗങ്ങളുടെ സാമൂഹ്യവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നാക്കാവസ്ഥയും കണക്കിലെടുത്തും പരിഗണിച്ച്, പിന്നാക്ക വിഭാഗങ്ങളിലെ ക്രീമിലെയർ വിഭാഗത്തെ കണ്ടെത്തുന്നതിന് ഒരു പഠനം നടത്തുന്നതിനും പ്രസ്തുത പഠനത്തിന് വിധേയമായി 2014-15 വർഷത്തേക്ക് ഉചിതമായ തീരുമാനമെടുക്കുന്നതിനും ഉത്തരവാകുകയുണ്ടായി. പരാമർശം (6) -ലെ വിധിന്യായത്തിന് വിധേയമായി, പരാമർശം (7)-ലെ സർക്കാർ

ഉത്തരവ് പ്രകാരം ജസ്റ്റിസ് ശിവരാജൻ കമ്മീഷനെ നിയോഗിച്ചു. എന്നാൽ, ടി പഠനം നടത്താൻ കൂടുതൽ സമയം ആവശ്യമുള്ളതിനാലും, പഠനവിശദാംശങ്ങൾ പരിശോധിച്ച് തുടർനടപടികൾ 2014-15 അക്കാദമിക് വർഷം പൂർത്തിയാക്കാൻ സാധിക്കാത്തതിനാലും WP(C) No. 29271/12 കേസിൽ IA Nos. 17088/2003 & 17223/2013 നമ്പരായി അപേക്ഷകൾ സമർപ്പിച്ച്, ബഹു. ഹൈക്കോടതിയിൽ സർക്കാർ കൂടുതൽ സമയം അപേക്ഷിക്കുകയുണ്ടായി. ടി അപേക്ഷകൾ പരിഗണിച്ച്. പരാമർശം (8) -ലെ ഉത്തരവ് പ്രകാരം പ്രോസ്പെക്ടസ് പ്രസിദ്ധീകരിക്കാൻ സർക്കാരിന് തടസ്സമൊന്നുമില്ലെന്ന് ബഹു . കോടതി വ്യക്തമാക്കി.

പരാമർശം (9) -ലെ കത്ത് പ്രകാരം സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ ഇടക്കാല റിപ്പോർട്ട് സമർപ്പിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ അനുമതിയ്ക്ക് വിധേയമായി പരാമർശം (4) പ്രകാരം നിലവിലുള്ള ക്രീമിലെയർ വ്യവസ്ഥകൾ 2014-15-ലെ പ്രൊഫഷണൽ കോഴ്സുകൾക്ക് SEBC വിഭാഗം സംവരണത്തിന് ബാധകമാക്കണമെന്ന് ശുപാർശ ചെയ്യുകയും, ഇക്കാര്യം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ശ്രദ്ധയിൽ കൊണ്ടു വരികയും ചെയ്തിട്ടുണ്ട്. ആയതിനാൽ പരാമർശം (5) -ലെ ഓഫീസ് മെമ്മോറാണ്ടത്തിന് അനുസൃതമായി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലവിലുള്ള IA Nos. 17088/2003 & 17223/2013 എന്നിവയിൻമേലുള്ള കോടതിയുടെ അന്തിമ വിധിയ്ക്കും, കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ അന്തിമ റിപ്പോർട്ടിനും വിധേയമായി, 2014-15 അധ്യയന വർഷത്തെ മെഡിക്കൽ/എഞ്ചിനീയറിംഗ് ഇതര പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേക്ക് പ്രവേശനത്തിനുള്ള എസ്.ഇ.ബി.സി സംവരണത്തിനുള്ള വരുമാന പരിധി 6 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ഡോ. ആഷ തോമസ്
ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).
അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും.
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
എല്ലാ വകുപ്പ് തലവൻമാർക്കും/പൊതുമേഖലാ സ്ഥാപനങ്ങൾക്കും/യൂണിവേഴ്സിറ്റികൾക്കും.
രജിസ്ട്രാർ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് (06.11.2013-ലെ മന്ത്രിസഭാതീരുമാനം ഇനം നം. 3904 പ്രകാരം).
ഡയറക്ടർ, പിന്നാക്ക സമുദായ വികസന വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി).
ധനകാര്യ വകുപ്പ്.
റവന്യൂ വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ് : - മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
പട്ടികജാതി പിന്നാക്ക ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
പിന്നാക്കസമുദായ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ യ്ക്ക്.
പിന്നാക്കസമുദായ വികസന വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി. എ യ്ക്ക്.
പിന്നാക്കസമുദായ വികസന വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയ്ക്ക്.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ